ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15-11-2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ ഗോത്ര സമൂഹങ്ങൾ സുപ്രധാന പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി; ബിർസ മുണ്ടയുടെ 150-ാമത് ജന്മ വാർഷികദിനാഘോഷ പരിപാടിയിൽ 9,200 കോടി രൂപയുടെ വികസനപദ്ധതികൾക്ക് പ്രധാനമന്ത്രി ഗുജറാത്തിൽ തുടക്കമിട്ടു.

   **Prime Minister Narendra Modi says tribal communities played a vital role in the freedom movement; PM launches Rs 9,200 crore development projects in Gujarat at Birsa Munda's 150th birth anniversary celebrations.**

2. അമൃത് പദ്ധതിക്ക് 10 വയസ്സ്; പദ്ധതിയിലൂടെ 8,500 കോടി രൂപയുടെ ചികിത്സ ഇളവുകൾ ലഭ്യമാക്കിയതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ.

   **The Amrit scheme completes 10 years; Union Health Minister JP Nadda says Rs 8,500 crore worth of medical benefits have been provided through the scheme.**

3. ഇന്ത്യ-യുഎസ് ഉഭയകക്ഷി സഹകരണം അമേരിക്കയിലെ ഇന്ത്യൻ കോൺസിലേറ്റ് ജനറൽ മാരുടെ സമ്മേളനത്തിൽ അവലോകനം ചെയ്ത് വിദേശകാര്യമന്ത്രി എസ്.ജയശങ്കർ.

   **External Affairs Minister S. Jaishankar reviewed India-US bilateral cooperation at a meeting of Indian Consulate Generals in the United States.**

4. ഫ്രാൻസിൽ നടക്കുന്ന ഉഭയകക്ഷി വ്യോമ അഭ്യാസമായ ഗരുഡ എട്ടാം പതിപ്പിൽ ഇന്ത്യൻ വ്യോമസേന പങ്കെടുക്കും.

   **Indian Air Force to participate in the eighth edition of the bilateral air exercise Garuda in France.**

5. കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശപത്രിക സമർപ്പണം പുരോഗമിക്കുന്നു; തിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം കർശനമായും പാലിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ.

   **Filing of nominations for local body elections in Kerala is in progress; State Election Commission demands strict adherence to model code of conduct during election campaign.**

6. കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 30 റണ്ണിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ്.

   **India took a 30-run first innings lead against South Africa in the Kolkata cricket test.**

&&&&&&&&&&&&&&&&&&

## EVE. PM - GUJARAT VISIT (INTRO)

രാജ്യത്തിൻറെ അഭിമാനം സംരക്ഷിക്കുന്നതിലും സ്വാതന്ത്ര്യ പ്രസ്ഥാനത്തിന് സംഭാവന നൽകുന്നതിലും ഗോത്ര സമൂഹങ്ങൾ നിർണായക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. സ്വാതന്ത്ര്യ സമര സേനാനിയും ഗോത്ര നേതാവുമായ ബിർസ മുണ്ടയുടെ 150-ാമത് ജന്മ വാർഷികത്തോടനുബന്ധിച്ച് നർമ്മദ ജില്ലയിൽ സംഘടിപ്പിച്ച ജൻജാതീയ ഗൗരവ് ദിവസ് പരിപാടിയിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. 9,700 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ ശിലാസ്ഥാപനവും ശ്രീ. മോദി നിർവഹിച്ചു.

(ഹോൾഡ് വോയ്സ്)

&&&&&&&&&&&&&&&&&&

## HM-BIRSA MUNDA

ഗോത്ര സമൂഹത്തിൻ്റെ മാത്രമല്ല മുഴുവൻ രാജ്യത്തിൻ്റെയും അഭിമാനമാണ് ബിർസ മുണ്ട എന്ന് കേന്ദ്രമന്ത്രി അമിത് ഷാ. ഭഗവാൻ ബിർസ മുണ്ടയുടെ 150-ാം ജന്മവാർഷികദിനത്തിൽ ശ്രദ്ധാഞ്ജലി അർപ്പിക്കുകയായിരുന്നു അദ്ദേഹം. സ്വാതന്ത്ര്യ പ്രസ്ഥാനത്തിനും മാതൃരാജ്യത്തിൻ്റെ സംരക്ഷണത്തിനുമുള്ള ബിർസ മുണ്ടയുടെ അചഞ്ചലമായ ദൃഢനിശ്ചയത്തിന് മുന്നിൽ രാജ്യം അദ്ദേഹത്തോട് കടപ്പെട്ടിരിക്കുന്നുവെന്നും കേന്ദ്രമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

## NADDA-AMRIT 10 YEARS

ചുരുങ്ങിയ ചിലവിൽ ചികിത്സയും അവയവമാറ്റവും ലക്ഷ്യമിട്ട് രാജ്യത്താരംഭിച്ച അമൃത് പദ്ധതി ഇന്ന് 10 വർഷം പൂർത്തിയാക്കി. ഇക്കാലയളവിൽ രോഗികൾക്ക് 8,500 കോടി രൂപയുടെ ചികിത്സ ഇളവുകൾ ലഭ്യമാക്കിയതായി കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ പറഞ്ഞു. രാജ്യത്തൊട്ടാകെ 255 AMRIT ഫാർമസികൾ ഉണ്ടെന്നും, മരുന്നുകൾ, ഇംപ്ലാൻ്റുകൾ, സർജിക്കൽ ഡിസ്പോസിബിൾസ്, എന്നിവയുൾപ്പെടെ 6,500-ലധികം ഉൽപ്പന്നങ്ങൾ പരമാവധി വില കുറച്ചും 50 ശതമാനം വരെ വില കിഴിവിലും ലഭ്യമാക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## JAISHANKAR-CONSUL GENERALS

അമേരിക്കയിലെ ഇന്ത്യൻ കോൺസുൽ ജനറൽമാരുടെ സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി എസ് ജയശങ്കർ അധ്യക്ഷത വഹിച്ചു. ഇന്ത്യ-യുഎസ് ഉഭയകക്ഷി സഹകരണവും ഇന്ത്യൻ പ്രവാസികളുമായുള്ള ഇടപെടലും സമ്മേളനത്തിൽ അവലോകനം ചെയ്തു. ന്യൂയോർക്കിൽ നടന്ന യോഗത്തിൽ യുണൈറ്റഡ് സ്റ്റേറ്റ്സിലെ ഇന്ത്യൻ അംബാസഡർ വിനയ് ക്വാത്രയും പങ്കെടുത്തു.

&&&&&&&&&&&&&&&&&

## DELHI BLAST-DOCTORS LICENCE

ഡൽഹി സ്ഫോടനക്കേസുമായി ബന്ധപ്പെട്ട് പിടിയിലായ നാല് ഡോക്ടർമാരുടെ ലൈസൻസുകൾ റദ്ദ് ചെയ്തു. നാഷണൽ മെഡിക്കൽ കമ്മീഷൻ ഇവരുടെ പേരുകൾ ഇന്ത്യൻ മെഡിക്കൽ രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്തു. ഡോ. മുസാഫർ അഹമ്മദ്, ഡോ. അദീൽ അഹമ്മദ് റാത്തർ, ഡോ. മുസമിൽ ഷക്കീൽ, ഡോ. ഷഹീൻ സയീദ് എന്നിവർക്കെതിരെയാണ് നടപടി.

&&&&&&&&&&&&&&&&&

## DEFENCE- GARUDA EXERCISE

ഫ്രാൻസിൽ നടക്കുന്ന ഉഭയകക്ഷി വ്യോമ അഭ്യാസമായ ഗരുഡ 25 ന്റെ എട്ടാം പതിപ്പിൽ ഇന്ത്യൻ വ്യോമസേന പങ്കെടുക്കും. ഫ്രഞ്ച് വ്യോമ, ബഹിരാകാശ സേനയുമായി ചേർന്ന് നടത്തുന്ന ഈ അഭ്യാസം നാളെ മുതൽ ഈ മാസം 27 വരെ നടക്കും. വ്യോമസേനയുടെ സുഖോയ്-30 MKI വിമാനങ്ങൾ, ഫ്രഞ്ച് മൾട്ടിറോൾ യുദ്ധവിമാനങ്ങൾക്കൊപ്പം അഭ്യാസത്തിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&

## VANDE MATARAM BAND

ഇന്ത്യയുടെ ദേശീയ ഗീതമായ വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം പള്ളിപുറത്തെ സിആർപിഎഫ് ബാൻഡ് പ്രകടനം സംഘടിപ്പിച്ചു. തോന്നയ്ക്കൽ കുമാരനാശാൻ സ്മാരകത്തിൽ , കേന്ദ്ര സർക്കാർ സംഘടിപ്പിക്കുന്ന വന്ദേമാതരത്തിന്റെ ഒരു വർഷം നീണ്ടുനിൽക്കുന്ന ദേശീയ അനുസ്മരണ ആഘോഷത്തിന്റെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്.

&&&&&&&&&&&&&&&&&

## IND VS SA

കൊൽക്കത്ത ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്ത്യക്ക് 30 റണ്ണിൻറെ ഒന്നാം ഇന്നിംഗ്സ് ലീഡ്. ഇന്ത്യയുടെ ആദ്യ ഇന്നിംഗ്സ് 189 റണ്ണിന് അവസാനിച്ചു. രണ്ടാം ഇന്നിംഗ്സ് മറുപടി ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക രണ്ടാം ദിനം മത്സരം അവസാനിപ്പിക്കുമ്പോൾ 7 വിക്കറ്റിന് 93 റൺ എന്ന നിലയിലാണ്.

&&&&&&&&&&&&&&&&&

## ARCHERY

ധാക്കയിൽ നടന്ന ഏഷ്യൻ ആർച്ചറി ചാമ്പ്യൻഷിപ്പിൽ ഇന്ത്യക്കു നേട്ടം. ഒളിമ്പിക് വെള്ളി മെഡൽ ജേതാവായ നാം സു-ഹ്യോണിനെ 7-3 ന് പരാജയപ്പെടുത്തി അങ്കിത ഭകത് ഇന്ത്യയുടെ ആദ്യത്തെ വനിതാ റീകർവ് വ്യക്തിഗത ഏഷ്യൻ ചാമ്പ്യനായി. മറ്റൊരു മത്സരത്തിൽ ധീരജ് ബൊമ്മദേവര ആദ്യത്തെ ഇന്ത്യൻ പുരുഷ റീകർവ് ഏഷ്യൻ വ്യക്തിഗത ചാമ്പ്യനായി. ഫൈനലിൽ സഹതാരം രാഹുലിനെ 6-2 ന് പരാജയപ്പെടുത്തിയാണ് ധീരജ് സ്വർണ്ണം നേടിയത്.

&&&&&&&&&&&&&&&&&

## SHOOTING

കെയ്റോയിൽ നടന്ന ഷൂട്ടിംഗ് വേൾഡ് ചാമ്പ്യൻഷിപ്പിൽ വനിതകളുടെ 25 മീറ്റർ പിസ്റ്റളിൽ ഇന്ത്യൻ താരം ഇഷ സിംഗിംന് വെങ്കലം. ഇഷയുടെ ആദ്യത്തെ വ്യക്തിഗത ലോക ചാമ്പ്യൻഷിപ്പ് മെഡലാണിത്. മൂന്ന് സ്വർണവും അഞ്ച് വെള്ളിയും നാല് വെങ്കലവുമുൾപ്പെടെ 12 മെഡലുകളുമായി പോയിൻറ് പട്ടികയിൽ മൂന്നാമതാണ് ഇന്ത്യ.

&&&&&&&&&&&&&&&&&

## KERALA LSG ELECTION (INTRO)

കേരളത്തിൽ തദ്ദേശ പൊതുതിരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം പാലിക്കണമെന്ന്, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. നാമ നിർദേശ പത്രിക ഈ മാസം 21 വരെ സമർപ്പിക്കാം.
വിശദാംശംങ്ങളിലേക്ക്...
**(ഹോൾഡ് ഫോർ വോയ്സ്)**

&&&&&&&&&&&&&&&&&&

## KERALA – ALL PARTY MEET – SIR

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ 85 ശതമാനം എന്യൂമറേഷൻ ഫോമുകളും ഇതിനോടകം വിതരണം ചെയ്തുകഴിഞ്ഞതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. ഇതുവരെ ഫോമുകൾ ലഭിക്കാത്തവർക്കായി പ്രത്യേക ഡ്രൈവ് നടത്തുമെന്നും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് അംഗീകൃത രാഷ്ട്രീയപാർട്ടികളുടെ പ്രതിനിധികളുമായി നടത്തിയ സർവകക്ഷിയോഗത്തിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. എന്യൂമറേഷൻ ഫോം വിതരണം ചെയ്ത ശേഷം മാത്രമേ അപ്ഡേഷൻ നടത്താവൂ എന്ന് ബിഎൽഒ മാർക്ക് കർശന നിർദ്ദേശം നൽകിയതായും തെരഞ്ഞെടുപ്പ് ഓഫീസർ പറഞ്ഞു.

&&&&&&&&&&&&&&&&&&

## SABARIMALA

മണ്ഡല - മകരവിളക്ക് മഹോത്സവത്തിനായ് ശബരിമല ക്ഷേത്രനട നാളെ വൈകിട്ട് അഞ്ച് മണിക്ക് തുറക്കും. മറ്റന്നാളാണ് വൃശ്ചികം ഒന്ന്. വെർച്വൽ ക്യൂ വഴി 70,000 പേർക്കും തത്സമസ ബുക്കിംഗ് വഴി 20,000 പേർക്കും ദർശനം സാധ്യമാകും.

&&&&&&&&&&&&&&&&&&

## ICOM Dubai 2025

ഇൻറർനാഷണൽ കൗൺസിൽ ഓഫ് മ്യൂസിയംസ് - ഐ.സി.ഒ.എം. ൻറെ 27-ാമത് പൊതു സമ്മേളനം ദുബായിൽ സമാപിച്ചു. പശ്ചിമേഷ്യയിൽ ആദ്യമായി നടന്ന സമ്മേളനത്തിൽ മ്യൂസിയം ഡയറക്ടർമാർ, സാംസ്കാരിക നയരൂപീകരണ വിദഗ്ദ്ധർ, അക്കാദമിക് വിദഗ്ദ്ധർ, എന്നിവരുൾപ്പെടെ 4,500-ലധികം പേർ പങ്കെടുത്തു.നൂറിലധികം സെഷനുകളും ശില്പശാലകളും നടന്നു. റോട്ടർഡാമിനെ ഐ.സി.ഒ.എം 2028-ലെ സമ്മേളനത്തിൻറെ ആതിഥേയരായി തിരഞ്ഞെടുത്തു.

&&&&&&&&&&&&&&&&&&

## NCSM – CIMUSET

കൊൽക്കത്തയിലെ നാഷണൽ കൗൺസിൽ ഓഫ് സയൻസ് മ്യൂസിയംസിന് വിഖ്യാതമായ CIMUSET പുരസ്കാരം. സയൻസ് സിറ്റിയിലെ "ഓൺ ദി എഡ്ജ്?" എന്ന കാലാവസ്ഥാ വ്യതിയാന ഗാലറിയാണ് പുരസ്കാരം നേടിയത്. ദുബായിൽ നടന്ന 27-ാമത് ICOM ജനറൽ കോൺഫറൻസിലാണ് അവാർഡ് പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&&&

## DAY- IMD WEATHER

ഉത്തർപ്രദേശ്, കിഴക്കൻ രാജസ്ഥാൻ, ഛത്തീസ്ഗഡ്, ജാർഖണ്ഡ്, മധ്യപ്രദേശ് എന്നിവിടങ്ങളിൽ നാളെ വരെ ശൈത്യതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കേരളം, മാഹി, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ഇന്ന് കനത്ത മഴയുണ്ടായേക്കുമെന്നും മുന്നറിയിപ്പുണ്ട്. അതേസമയം, ഡൽഹിയിലെ വായു ഗുണനിലവാരം വളരെ മോശം വിഭാഗത്തിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&&

## BIHAR - RK SINGH

ബീഹാറിൽ പാർട്ടി വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് മുൻ കേന്ദ്രമന്ത്രിയും മുതിർന്ന പാർട്ടി നേതാവുമായ ആർ.കെ. സിങ്ങിനെ ആറ് വർഷത്തേക്ക് ബിജെപി യിൽ നിന്ന് സസ്പെൻഡ് ചെയ്തു. ഇതോടൊപ്പം കതിഹാർ മേഖലയിൽ നിന്നുള്ള ലെജിസ്ലേറ്റീവ് കൗൺസിൽ അംഗം അശോക് അഗർവാളിനെയും, കതിഹാർ മേയറായ ഭാര്യ ഉഷ അഗർവാളിനെയും പാർട്ടിയിൽ നിന്നും സസ്പെൻഡ് ചെയ്തു.

&&&&&&&&&&&&&&&&&&

## METRO-RED FORT

ഡൽഹിയിലെ ലാൽ ഖില മെട്രോ സ്റ്റേഷൻ്റെ രണ്ട്, മൂന്ന് ഗേറ്റുകൾ യാത്രക്കാർക്കായി തുറന്നു കൊടുത്തതായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ അറിയിച്ചു. ചുവപ്പു കോട്ടയ്ക്ക് സമീപം തിങ്കളാഴ്ച ഉണ്ടായ സ്ഫോടനത്തെ തുടർന്ന് ലാൽ ഖില മെട്രോ സ്റ്റേഷൻ അടച്ചിരുന്നു. മറ്റ്

സ്റ്റേഷനുകൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് DMRC അറിയിച്ചു.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&